# പതിമൂന്നാം കേരള നിയമസഭ

## (പതിനഞ്ചാം സമ്മേളനം)

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 318 17/12/2015-ൽ മറുപടിയ്ക്ക്

**അണക്കെട്ടുകളിൽ മത്സ്യകൃഷി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ:<br>ശ്രീ. കെ. എം. ഷാജി:<br>ശ്രീ. പി. കെ. ബഷീർ:<br>ശ്രീ. എൻ. ഷംസുദ്ദീൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) അണക്കെട്ടുകളോടനുബന്ധിച്ച ജലാശയങ്ങളിൽ മത്സ്യകൃഷി നടത്തുന്ന പദ്ധതിയിൽ ഏതൊക്കെ ജലാശയങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) കേരളത്തിലെ നെയ്യാർ, കല്ലട, പമ്പ, കക്കി, പൊന്മുടി, നേരിയമംഗലം, ചെങ്കുളം, മാട്ടുപ്പെട്ടി, കുണ്ടള, ആനയിറങ്കൽ, ഇടുക്കി, പെരിയാർ, ഭൂതത്താൻകെട്ട്, പെരിങ്ങൽകുത്ത്, ഷോളയാർ, പറമ്പിക്കുളം, കാരാപ്പുഴ, ബാണാസുരസാഗർ, പഴശ്ശി, മലമ്പുഴ, മീങ്കര, ചുള്ളിയാർ, പോത്തുണ്ടി, മംഗലം, വാളയാർ, കാഞ്ഞിരപ്പുഴ എന്നീ ജലസംഭരണികളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചു വരുന്നു. |
| ബി) കൂടുതൽ ജലാശയങ്ങളെ ഈ പദ്ധതിയിൻ കീഴിൽ കൊണ്ടു വരാൻ ഉദ്ദേശിക്കുന്നുണ്ടോ ? എങ്കിൽ വിശദ വിവരം നൽകാമോ; | ബി) വനം, ഇറിഗേഷൻ വകുപ്പുകളുടെയും കെ.എസ്.ഇ.ബി-യുടെയും ഉടമസ്ഥതയിലുള്ള ജലസംഭരണികളിൽ മത്സ്യകൃഷി നടത്തുന്നതിനും തദ്വാര ഉല്പാദിപ്പിക്കുന്ന മത്സ്യം പിടിച്ചെടുക്കുവാനുമുള്ള അവകാശം ഫിഷറീസ് വകുപ്പിനു ലഭിക്കുന്ന പക്ഷം കൂടുതൽ ജലസംഭരണികളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കാവുന്നതാണ്. എന്നാൽ സംരക്ഷിത സങ്കേതങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശത്തെ അണക്കെട്ടുകളിലും ഊർജോത്പാദനവുമായി ബന്ധപ്പെട്ട് സുരക്ഷാ ഭീഷണിയുള്ള അണക്കെട്ടുകളിലും മത്സ്യക്കുഞ്ഞ് നിക്ഷേപം നടത്തുന്നതിനും മത്സ്യംപിടിക്കുന്നതിനും പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതായി വനം വകുപ്പും കെ. എസ്. ഇ. ബി-യും അറിയിച്ചിട്ടുണ്ട്. |
| സി) നാടൻ മത്സ്യ ഇനങ്ങളെ ഇതിൽ ഉൾപ്പെടുത്തി ജലാശയങ്ങളിൽ നിക്ഷേപിക്കുന്നുണ്ടോ? ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ? | സി) പൊതുജലാശയങ്ങളിലെ മത്സ്യവിത്തു നിക്ഷേപം പദ്ധതിയിൽ കരിമീൻ, ആറ്റുകൊഞ്ച് തുടങ്ങിയ നാടൻമത്സ്യങ്ങൾ ഉൾപ്പടെയുള്ള മത്സ്യങ്ങളെ നിക്ഷേപിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ